# കന്ദരനുഭൂതി

സമാഹരിച്ചത് ഡോ. ബാലു അയ്യർ

## അവതാരിക

അരുണഗിരിനാഥസ്വാമികൾ രചിച്ച കൃതികളിൽ ഏറ്റവും പ്രബലമായത് തിരുപ്പുകഴ് പാട്ടുകൾ ആണ്. അദ്ദേഹം രചിച്ച ശേഷമുള്ള എട്ട് കൃതികളിൽ അടുത്ത രണ്ടു സ്ഥാനങ്ങൾ വഹിക്കുന്നത് കന്ദരലങ്കാരവും കന്ദരനുഭൂതിയുമാണ്.

കന്ദരനുഭൂതിയിൽ തനിക്ക് ലഭിച്ച അനുഗ്രഹത്തെ കുറിച്ച് അരുണഗിരിനാഥർ വർണ്ണിക്കുന്നു. ഇവയിൽ ചിലതു തിരുപ്പുകഴ് ഭജനകളിലും സംഗീത കച്ചേരികളിലും വിരുത്തമായി പാടാറുണ്ട്. മലയാള സംഗീതപ്രേമികൾക്കുവേണ്ടി ചിലവയെ ഈ ലേഖനത്തിൽ ചേർത്തിരിക്കുന്നു. .

കാപ്പ്

നെഞ്ച ക്കന കല്ലു നെകിഴ്ന്ത് ഉരുക
തഞ്ചത്ത് അരുൾ ഷൺ മുഖനുക്കു ഇയൽചേർ
ചെഞ്ചൊൽ പുനൈ മാലൈ ചിറന്തിടവേ
പഞ്ചക്കര ആനൈ പദം പണിവാം

<u>പദം പിരിച്ച് പാടേണ്ട വിധം</u>

നെഞ്ച ക്കനകല്ലു നെകിഴ്ന്ത് ഉരുക
തഞ്ചത്ത് അരുൾ ഷൺമുഖനുക്കു ഇയൽ ചേർ
ചെഞ്ചൊൽ പുനൈ മാലൈ ചിറന്തിടവേ
പഞ്ചക്കര ആനൈ പദം പണിവാം

<u>വിശദാർത്ഥം / സാരാംശം</u>

തന്നെ വണങ്ങുന്നവരെ അനുഗ്രഹിക്കുന്ന ആറുമുഖന് ,
കല്ലു പോലെ കഠിനമായ മനസ്സും അലിയും വണ്ണം,
അഴകുള്ള തമിഴ് വാക്കുകൾ കൊണ്ട് ഉണ്ടാക്കിയ
(അനുഭൂതി എന്ന) മാല അണിയിക്കുന്നതിനു മുൻപ്
അഞ്ചു കരങ്ങളുള്ള വിനായകനെ തൊഴാം.

1 … ആടും പരി, വേൽ

ആടും പരി, വേൽ, അണിശേവൽ എന
പ്പാടും പണിയേ പണിയാ അരുൾവായ് !
തേടു ങ്കയമാ മുഖനൈ ച്ചെരുവിൽ
ചാടു ന്തനി യാനൈ സഹോദരനേ

പദം പിരിച്ച് പാടേണ്ട വിധം

ആടും പരി, വേൽ, അണിശേവൽ എന
പാടും പണിയേ പണിയാ അരുൾവായ് !
തേടും കയമാമുഖനൈ ചെരുവിൽ
ചാടും തനി യാനൈ സഹോദരനേ

വിശദാർത്ഥം / സാരാംശം

ഗജമുഖാസുരനെ യുദ്ധത്തിൽ ജയിച്ച
വിനായകന്റെ സഹോദരനേ,
ആടുന്ന മയിൽ, ജ്ഞാനവേൽ, കോഴിക്കോടി
ഇവ മൂന്നിനെയും സ്തുതിച്ച്
പാടാനുള്ള അനുഗ്രഹം എനിക്ക് തരേണമേ.

46 എന്തായും, എനക്കു അരുൾ തന്തൈയും

എന്തായും, എനക്കു അരുൾ തന്തൈയും നീ

ചിന്താകുലം, ആനവൈ തീർത്തു എനൈയാൾ,

കന്ദാ ! കതിർ വേലവനേ ! ഉമൈയാൾ

മൈന്താ ! കുമരാ ! മറൈ നായകനേ !

പദം പിരിച്ച് പാടേണ്ട വിധം

എൻ തായും, എനക്കു അരുൾ തന്തൈയും നീ

ചിന്തൈ, ആകുലം, ആനവൈ തീർത്തു എനൈ ആൾ,

കന്ദാ ! കതിർ വേലവനേ ! ഉമൈയാൾ

മൈന്താ ! കുമരാ ! മറൈ നായകനേ !

വിശദാർത്ഥം / സാരാംശം

കന്ദാ, വേലായുധാ,

ഉമാ ദേവിയുടെ മകനേ,

കുമരാ, വേദങ്ങളുടെ നായകനേ,

ഞങ്ങളുടെ മാതാവും,

ഞങ്ങളെ അനുഗ്രഹിക്കുന്ന പിതാവും, നീ തന്നെ അല്ലേ,

എന്റെ മനക്കഷ്ടങ്ങൾ എല്ലാം തീർത്ത്

എന്നെ അരുളേണമേ..

51 ഉരുവായ് അരുവായ്

ഉരുവായ് അരുവായ്, ഉളതായ് ഇലതായ്,

മരുവായ് മലരായ്, മണിയായ് ഒളിയായ്

ക്കരുവായ് ഉയിരായ്, ഗതിയായ് വിധിയായ്

ഗുരുവായ് വരുവായ്, അരുൾവായ് ഗുഹനേ !

വിശദാർത്ഥം / സാരാംശം

സ്വരൂപം ഉള്ളതായും, സ്വരൂപം ഇലാത്തതായും,

കാണാൻ പറ്റുന്നതായും കാണാൻ പറ്റാത്തതായും,

നല്ല മണമുള്ളതായും ആ മണമുള്ള പൂവായും,

രത്നമായും ആ രത്നത്തിന്റെ പ്രകാശമായും

ശിശുവായും ഉടലായും,

പ്രാണനായും നല്ല വഴിയായും

എന്റെ വിധിയായും

ഗുരുമൂർത്തിയായും വന്ന്

എന്നെ അരുളേണമേ.